ശ്രീ. ടി.എം. ജേക്കബ് : ഞാൻ അതിലേയ്ക്ക് കടക്കുന്നില്ല. മെറിറ്റിലേയ്ക്ക് പോകുന്നില്ല.

മി. സ്പീക്കർ : അതിൽ പലതുമുണ്ടാകും. അതിലേയ്ക്ക് കടക്കാൻ പാടില്ല. കമ്മിറ്റി കൂടിയപ്പോൾ നടപടിക്രമം പാലിച്ചിട്ടില്ല എന്ന കാര്യം സംബന്ധിച്ച് പരിശോധിക്കാം.

ശ്രീ. ടി.എം. ജേക്കബ് : കമ്മിറ്റിയുടെ അജണ്ട... കമ്മിറ്റി കൂടുന്ന സമയത്ത് കമ്മിറ്റിയെക്കുറിച്ച് പറയുമ്പോൾ ഇന്ന വിഷയത്തിനാണെന്ന് പറയണം. അതുപോലും പറഞ്ഞിട്ടില്ല. ഇങ്ങനെ ഒരു റിപ്പോർട്ട് കൊണ്ടുവരുന്നത് ശരിയല്ല, നമ്മുടെ സഭയുടെ അന്തസ്സിനും മാന്യതയ്ക്കും ചേർന്നതല്ല. അതുകൊണ്ട് സഭാധ്യക്ഷൻ എന്നുള്ള നിലയിൽ അങ്ങ് ഈ കാര്യങ്ങളിൽ ഇടപെട്ട് നടപടിക്രമങ്ങൾ പാലിക്കാത്ത.... ഗവൺമെന്റ് ഇഷ്ടംപോലെ ചെയ്യട്ടെ. കേസു കൊടുക്കാനോ, ... എന്തു വിഷയമാണെങ്കിലും നമ്മുടെ നിയമസഭയുടെ നടപടിക്രമങ്ങൾ ലംഘിച്ചുകൊണ്ടുപോകുന്നത് അങ്ങ് അനുവദിക്കരുത്.

മി. സ്പീക്കർ : അതു പറഞ്ഞാൽ മതിയല്ലോ. അതിന് ഇത്രയും ഡീറ്റയിൽസിന്റെ കാര്യമില്ല. നമുക്കത് പരിശോധിക്കാം.

VIII. റിപ്പോർട്ട് പരിഗണന

കാര്യോപദേശകസമിതിയുടെ ഇരുപത്തിനാലാമത് റിപ്പോർട്ട്

മുഖ്യമന്ത്രി (ശ്രീ. ഇ.കെ. നായനാർ) : കാര്യോപദേശകസമിതിയുടെ ഇരുപത്തിനാലാമതു റിപ്പോർട്ട് പരിഗണിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. ടി. ശിവദാസമേനോൻ) : പ്രമേയത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ : റിപ്പോർട്ട് സഭ അംഗീകരിച്ചിരിക്കുന്നു.

ചട്ടങ്ങൾ സംബന്ധിച്ച സമിതിയുടെ നാലാമത് റിപ്പോർട്ട്

ശ്രീ. ആനത്തലവട്ടം ആനന്ദൻ : ചട്ടങ്ങൾ സംബന്ധിച്ച സമിതിയുടെ നാലാമത് റിപ്പോർട്ട് അംഗീകരിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. അലിഹസ്സൻ : പ്രമേയത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ : റിപ്പോർട്ട് സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീ. ജി. കാർത്തികേയൻ : അങ്ങേയ്ക്ക് ഞാനൊരു നോട്ടീസ് തന്നത് എക്സാമിൻ ചെയ്തോ?

മി. സ്പീക്കർ : അങ്ങയുടെ നോട്ടീസ് ഞാൻ എക്സാമിൻ ചെയ്തു. എനിക്ക് ലെജിസ്ലേച്ചറിൽ നിന്നും റിപ്പോർട്ടുകിട്ടി. അതിൽ മൂന്നു മന്ത്രിമാരെങ്കിലും മറുപടി പറയേണ്ടതായിട്ടുണ്ട്. ഒന്ന്, മുഖ്യമന്ത്രി, രണ്ട്, വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി, മൂന്ന്, എൽ.എ.ഡി. മിനിസ്റ്റർ. മൂന്നുപേർക്കും ഞാൻ നോട്ടീസ് കൊടുത്തിരിക്കുകയാണ്. അവരുടെ മറുപടികൂടി കിട്ടിക്കഴിഞ്ഞാൽ മാത്രമേ അതു സംബന്ധിച്ച് പൂർണ്ണമായ ഒരു മറുപടി എനിക്ക് പറയാൻ നിർവ്വാഹമുള്ളൂ. നേരത്തെ തന്നതാണ്. ഞങ്ങൾ പരിശോധിച്ചിട്ടാണ് അങ്ങോട്ടു കൊടുത്തത്. നാളെത്തരിക. തീർച്ചയായും ഉണ്ടാകും. അതെല്ലാം പരിശോധിച്ച് വിശദമായി ഒൺ ബൈ ഒൺ ആയിട്ട് അതിന്റെ ആൻസർ തരാൻ പറഞ്ഞിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly